# ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

## സർക്കുലർ

നമ്പർ. 64/2016/ധന തീയതി, തിരുവനന്തപുരം, 2016 ജൂലൈ,30.

വിഷയം:- മരണപ്പെട്ട പെൻഷൻകാരുടെ/കുടുംബ പെൻഷൻകാരുടെ പെൻഷൻ കുടിശ്ശിക വിതരണം-സംബന്ധിച്ച്.

സൂചന:- 20/01/2010 തീയതിയിലെ സ.ഉ. (അച്ചടി) നം. 9/16/ധന ഉത്തരവ്

പത്താം ശമ്പള കമ്മീഷന്റെ ശിപാർശകൾക്ക് അനുസൃതമായി സംസ്ഥാന പെൻഷൻകാരുടെ/കുടുംബ പെൻഷൻകാരുടെ പെൻഷനും മറ്റാനുകൂല്യങ്ങളും 01/07/2014 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ചുകൊണ്ട് സൂചന പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ 9-ാം ഖണ്ഡികയിൽ പെൻഷണർ/കുടുംബപെൻഷണർ മരണപ്പെടുന്ന സാഹചര്യങ്ങളിൽ പെൻഷൻ പരിഷ്കരണത്തെത്തുടർന്ന് ലഭിക്കേണ്ട പെൻഷൻ/കുടുംബ പെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ തുടങ്ങിയവയുടെ കുടിശ്ശിക ഒറ്റത്തവണയായി അനന്തരാവകാശികൾക്ക് നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അത്തരം കേസുകളിൽ കുടിശ്ശിക ഉടൻ നല്കണം എന്ന് ഉത്തരവിൽ പ്രതിപാദിക്കുന്നില്ലെന്ന കാരണം ചൂണ്ടിക്കാട്ടി കുടിശ്ശിക ലഭിക്കാതിരിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) ഇത്തരം സാഹചര്യങ്ങളിൽ, മരണപ്പെട്ട പെൻഷണർക്ക്/കുടുംബപെൻഷണർക്ക് പെൻഷൻ പരിഷ്കരണത്തെത്തുടർന്ന് ലഭിക്കേണ്ടിയിരുന്ന കുടിശ്ശിക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അനന്തരാവകാശികളിൽ നിന്ന് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ ലഭ്യമായാൽ ഉടൻ തന്നെ, പെൻഷൻ/കുടുംബപെൻഷൻ, ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ തുടങ്ങിയവയുടെ കുടിശ്ശികയിൽ മരണപ്പെട്ട പെൻഷണർ/കുടുംബ പെൻഷണർ കൈപ്പറ്റാത്ത മുഴുവൻ തുകയും, കമ്മ്യൂട്ടേഷൻ ഒഴികെയുള്ള മറ്റാനുകൂല്യങ്ങൾക്ക് മരണതീയതി വരെ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ടിന് അനുവദനീയമായ നിരക്കിലുള്ള പലിശ സഹിതം, ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) എല്ലാ പെൻഷൻ വിതരണ അധികാരികളും മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

**രാജശ്രീ.കെ**

ജോയിന്റ് സെക്രട്ടറി(ധനകാര്യ വകുപ്പ്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, വകുപ്പ് തലവന്മാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ,തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ട്രഷറികളും സബ് ട്രഷറികളും.
പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**